# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1135 14.06.2012 ൽ മറുപടിക്ക്**

**പ്ലാസ്റ്റിക് പാഴ്‌വസ്തുക്കൾ ഉപയോഗിച്ച് റോഡ് നിർമ്മാണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ: | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (മരാമത്ത്‌വകുപ്പു മന്ത്രി) |
| (എ) പ്ലാസ്റ്റിക് കലർത്തിയ റോഡുകളുടെ പരീക്ഷണ നിർമ്മാണം സംബന്ധിച്ചുള്ള വിശദാംശം വ്യക്തമാക്കാമോ ; | (എ) പ്ലാസ്റ്റിക് ചേർത്ത് പരീക്ഷണാടിസ്ഥാനത്തിൽ നിർമ്മിച്ച റോഡുകൾ താഴെ പ്പറയുന്നവയാണ്.<br>(1) ചാവടിമുക്ക് - പുല്ലാന്നിവിള റോഡ്, തിരുവനന്തപുരം -500 മീറ്റർ<br>(2) മുനിസിപ്പൽ ടൗൺഹാൾ - ഔവർ കോളേജ് റോഡ് - വടകര മുനിസിപ്പാലിറ്റി - 400 മീ<br>(3) സ്റ്റേഡിയം - പുതിയറ റോഡ് കോഴിക്കോട് - 660 മീ.<br>(4) ലോഗൻസ് റോഡ് - തലശ്ശേരി - 650 മീ<br>(5) കോക്കാട്ട് - തൃശ്ശൂർ കെ.എസ്. ആർ.റ്റി.സി ബസ് സ്റ്റാന്റ് റോഡ് - തൃശ്ശൂർ - 700 മീ<br>6) മേനംകുളം - തുമ്പറോഡ്, തിരുവനന്തപുരം - 1 കി.മീ.<br>7) ജി.ഐ.ഡി.എ റോഡ് - എറണാകുളം - 400 മീറ്റർ |

മേൽപ്പറഞ്ഞ റോഡുകൾ പൊതുമരാമത്ത് വകുപ്പും നാറ്റ്പാക്ക്മാണ് നിർമ്മിച്ചിട്ടുള്ളത്

(ബി) പ്ലാസ്റ്റിക് പാഴ്‌വസ്തുക്കൾ ഉണ്ടാക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് പരിഹാരമായി പ്രസ്തുത റോഡ് നിർമ്മാണത്തെ പ്രോത്സാഹിപ്പിച്ച് നിർമ്മാണത്തിനാവശ്യമായ പ്ലാസ്റ്റിക് ശേഖരിക്കുന്ന യൂണിറ്റുകൾ സംസ്ഥാന വ്യാപകമായി ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

(ബി) ഇത് സംബന്ധിച്ച് കൂടുതൽ പഠനങ്ങളും ഗവേഷണങ്ങളും നടന്നുവരുന്നതേയുള്ളൂ. റോഡ് നിർമ്മാണത്തിനാവശ്യമായ പ്ലാസ്റ്റിക് ശേഖരിക്കുന്ന യൂണിറ്റുകൾ സംസ്ഥാന വ്യാപകമായി ആരംഭിക്കുന്ന കാര്യം ഗവേഷണങ്ങളുടെ വിശദമായ റിപ്പോർട്ട് ലഭിച്ചശേഷം ആലോചിക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ